# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4452** **17.12.2014** - ൽ മറുപടിക്ക്

## കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഇപ്പോൾ ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകയും വ്യക്തമാക്കുമോ;

(എ) കൊട്ടാക്കര നിയോജക മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

I. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

1. കരിപ്ര പഞ്ചായത്തിലെ കടയ്ക്കോട് ജയന്തി കോളനിയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - 9,22,070/- രൂപ.
2. കരിപ്ര പഞ്ചായത്തിലെ ചൂഴതിൽ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ 9,18,705/- രൂപ
3. കരിപ്ര പഞ്ചായത്തിലെ പയറ്റിച്ചേരി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - 2,22,383/- രൂപ

II. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ്

1. ഉമ്മന്നൂർ പഞ്ചായത്തിലെ കരിക്കുഴി എസ്.സി. കോളനിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - 12,95,000/- രൂപ.
2. വെളിയം പഞ്ചായത്തിലെ ഇതിയൂർ എസ്.സി.കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി - 2,25,100/- രൂപ

പ്രോജക്ട് ഡിവിഷൻ കൊല്ലത്തിന്റെ കീഴിൽ നടന്നുവരുന്ന പദ്ധതികൾ

1. കുളക്കട പവിത്രേശ്വരം പദ്ധതി - 1336 ലക്ഷം രൂപ.
2. മൈലം തലവൂർ പിടവൂർ പദ്ധതി - 2005 ലക്ഷം രൂപ.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ബി) പി.എച്ച്.ഡിവിഷൻ കൊട്ടാരക്കരയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി താഴെപറയുന്നു.

I രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

1. കരിപ്ര പഞ്ചായത്തിലെ കടയ്ക്കോട് ജയന്തി കോളനിയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - ഏകദേശം 90% പണി പൂർത്തിയായി. സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കുന്ന പണി പുരോഗമിച്ചു വരുന്നു.
2. കരിപ്ര പഞ്ചായത്തിലെ ചൂഴതിൽ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - പണി പൂർത്തീകരിച്ചു.
3. കരിപ്ര പഞ്ചായത്തിലെ പയറ്റിച്ചേരി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - കോൺട്രാക്ടർക്ക് വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്.

II. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ്

1. ഉമ്മന്നൂർ പഞ്ചായത്തിലെ കരിക്കുഴി എസ്.സി. കോളനിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്. ടി പദ്ധതിക്ക് ആവശ്യമായ ഫീസിബിലിറ്റി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

2. വെളിയം പഞ്ചായത്തിലെ ഇതിയൂർ എസ്.സി.കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി - 60% പൂർത്തിയായി. സിൻടെക്സ് ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

കൊല്ലം പ്രോജക്ട് ഡിവിഷന്റെ കീഴിൽ കുളക്കട പവിത്രേശ്വരം പദ്ധതിയുടെ പ്രവൃത്തികൾ 98% പൂർത്തിയായി. പവിത്രേശ്വരം പഞ്ചായത്തിലേക്കുള്ള പൈപ്പ് ലൈനിന്റെ പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കുളക്കട പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുവാനുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടുണ്ട്. കിണർ, ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, ഉപരിതല ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. തലവൂർ, പിടവൂർ വില്ലേജുകളിലേയ്ക്കുള്ള വിതരണ ശൃംഖലകളുടെ നിർമ്മാണം പുരോഗതിയിലാണ്. മൈലം പഞ്ചായത്തിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന 7.6 എൽ.എൽ. ശേഷിയുള്ള ഉപരിതല ടാങ്ക്, ഉപരിതല ടാങ്കിൽ നിന്നും ഗാന്ധിമുക്കിലേയ്ക്കുള്ള ട്രാൻസ്മിഷൻ മെയിൻ എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(സി) നിയോജക മണ്ഡലത്തിൽ നിന്നുള്ള ഏതെല്ലാം കുടിവെള്ള പദ്ധതികൾ, അനുമതിക്കായി, ജലവിഭവ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടെന്ന് വിശദമാക്കുമോ ?

(സി) നിലവിൽ പദ്ധതികൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ